ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

ശബരിമല മീഡിയ സെന്റർ

2026 നവംബർ 24

വിർച്വൽ ക്യൂ: ബുക്ക് ചെയ്തശേഷം റദ്ദാക്കിയ സ്ലോട്ടുകൾ വീണ്ടും ലഭ്യമാവുക 8 മണിക്കൂറിന് ശേഷമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ്

ശബരിമലയിൽ വിർച്വൽ ക്യൂ ബുക്ക് ചെയ്തശേഷം റദ്ദാക്കിയ സ്ലോട്ടുകൾ വീണ്ടും ബുക്കിങ്ങിനായി ലഭ്യമാവുക 8 മണിക്കൂറിന് ശേഷമായിരിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ. പുതിയ പരിഷ്കാരം നവംബർ 24 രാത്രി നിലവിൽ വരും. കൂട്ടത്തോടെ സ്ലോട്ടുകൾ ബുക്ക് ചെയ്തശേഷം റദ്ദാക്കി പുതിയ ആളുകൾക്ക് ലഭ്യമാക്കുന്ന തരത്തിൽ ആസൂത്രിത ശ്രമമുണ്ടെങ്കിൽ തടയുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ പരിഷ്കാരമെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഒരാഴ്ച പിന്നിട്ട മണ്ഡലമകരവിളക്ക് കാലം പൂർണ സംതൃപ്തി നൽകുന്നതായി ദേവസ്വം ബോർഡ് പ്രസിഡന്റ് പറഞ്ഞു. വിർച്വൽ ക്യൂ വഴിയോ സ്പോട്ട് ബുക്കിംഗ് വഴിയോ മാത്രം അയ്യപ്പൻമാർ വരുന്നത് മൂലം കൃത്യമായ തയ്യാറെടുപ്പിലൂടെ തിരക്ക് നിയന്ത്രിക്കാൻ കഴിയുന്ന അച്ചടക്കം കൊണ്ടുവരാൻ കഴിഞ്ഞു എന്നതാണ് പ്രധാനം. പണമിടപാട് പൂർണ്ണമായും ഡിജിറ്റൽ ആക്കിയതിനാൽ വരുമാന ചോർച്ച തടയാൻ സാധിച്ചു. ഇത് മൊത്തം വരുമാനത്തിന്റെ വർധനയിൽ പ്രതിഫലിക്കും. സന്നിധാനത്തും പരിസരത്തും വൃത്തിയുള്ള അന്തരീക്ഷമാണ് തൃപ്തി നൽകുന്ന മറ്റൊരു കാര്യം.

നിലയ്ക്കലിൽ വാഹനങ്ങളുടെ പാർക്കിംഗ് ക്രമീകരിക്കപ്പെട്ടു. 12,000 വാഹനങ്ങൾ വരെ ഒരേ സമയം പാർക്ക് ചെയ്യാം. തീർത്ഥാടകർക്ക് വാഹനങ്ങൾ പാർക്ക് ചെയ്തിടത്തേക്ക് പോകാൻ നിലയ്ക്കലിൽ നിന്നുള്ള കെഎസ്ആർടിസിയുടെ സർക്കുലർ സർവീസുകളുടെ എണ്ണം കൂട്ടും.

"അയ്യപ്പനെ കാണാൻ വരുന്ന ഒരു ഭക്തനെയും മടക്കില്ല"

അയ്യപ്പനെ കാണാൻ വരുന്ന ഒരു ഭക്തനെയും മടക്കി അയക്കില്ലെന്ന് കെ. ജയകുമാർ വ്യക്തമാക്കി. ഏതെങ്കിലും രീതിയിൽ ബുക്ക് ചെയ്തു വരണം എന്ന് മാത്രം. സ്പോട്ട് ബുക്കിംഗ് നേരത്തെ 5000 എണ്ണം വർധിപ്പിച്ചിരുന്നു. ആവശ്യമുണ്ടെങ്കിൽ 5000 എണ്ണം കൂടി കൂട്ടും. നിലവിൽ അതിന്റെ ആവശ്യമില്ല. ഭക്തരുടെ എണ്ണം ക്രമനുഗതമായി കൂടുന്നുണ്ട്. നവംബർ 23 ന് 75000 പേർ എത്തി. നവംബർ 24 ന് 80000 പേർ എത്തുമെന്നാണ് കരുതുന്നത്. മല കയറുന്നവരുടെ എണ്ണം കൂടിയിട്ടും തിരക്കിന്റെ തീവ്രത സന്നിധാനത്ത് അനുഭവപ്പെടാത്തത് കൃത്യമായ ഏകോപനം മൂലമാണ്. പോലീസിന്റെയും വിവിധ വകുപ്പുകളുടെയും എഡിഎമ്മിന്റെയും സഹകരണം ഇതിൽ എടുത്തുപറയണം.

പമ്പയിൽ തുണി നിക്ഷേപിക്കുന്ന വർഷങ്ങളായുള്ള ദുരാചാരം ബോധവൽക്കരണത്തിലൂടെ വലിയ തോതിൽ കുറയ്ക്കാൻ സാധിച്ചത് വലിയ നേട്ടമാണ്. സീസൺ തുടങ്ങുന്ന വേളയിൽ ആസൂത്രിതമായ രീതിയിൽ തീർത്ഥാടകരുടെ എണ്ണം കുറയ്ക്കാൻ ശ്രമം നടന്നിട്ടുണ്ടോ എന്നത് സൈബർ ഫോറെൻസിക് അന്വേഷിക്കുകയാണ്. ഇതുവരെ ആ നിലയ്ക്ക് തെളിവ് ലഭിച്ചിട്ടില്ല.

അപ്പാച്ചിമേട് തീർത്ഥാടക വിശ്രമകേന്ദ്രം ഉദ്ഘാടനം ഉടൻ

അപ്പാച്ചിമേട്ടിൽ കാർഡിയാക് കേന്ദ്രത്തിന് സമീപം നവീകരിച്ചു മനോഹരമാക്കി മാറ്റിയ തീർത്ഥാടക വിശ്രമകേന്ദ്രത്തിന്റെ ഉദ്ഘാടനം ഒരാഴ്ച്ചക്കുള്ളിൽ നടക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അറിയിച്ചു. ഫോട്ടോ എടുക്കാൻ പാകത്തിൽ സുന്ദരമാക്കി മാറ്റിയ പ്രദേശമാണിത്. നേരെത്തെ കാട് മൂടി അനാഥവസ്ഥയിൽ ആയിരുന്നു. അപ്പം, അരവണ ആവശ്യത്തിന് സ്റ്റോക്കുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

Virtual Queue: Cancelled Slots to Become Available for Rebooking After 8 Hours

Cancelled slots booked through the virtual queue system at Sabarimala will become available for fresh bookings only after eight hours, said Travancore Devaswom Board President K. Jayakumar. The new system will come into effect on the night of November 24. Speaking at a press conference, he said the move was aimed at preventing any organised attempt to book large numbers of slots in bulk, cancel them later and make them available to others.

The Devaswom Board President said the first week of the Mandala–Makaravilakku pilgrimage season had been highly satisfactory. Restricting devotees' entry to virtual queue or spot bookings has helped introduce discipline and manage the crowd through proper planning and preparations. Making all financial transactions completely digital has also helped prevent revenue leakage. This is expected to be reflected in an increase

in total revenue. The clean environment at Sannidhanam and its surrounding areas is another major achievement.

Proper parking arrangements have been made at Nilakkal, where up to 12,000 vehicles can be parked at a time. The number of KSRTC circular bus services from Nilakkal will be increased to help pilgrims reach their parked vehicles conveniently.

"No devotee coming for Ayyappa's darshan will be turned away"

K. Jayakumar made it clear that no devotee coming for Ayyappa's darshan would be sent back. However, they must arrive with a booking made through any of the available channels. The number of spot booking slots had already been increased by 5,000. If necessary, another 5,000 slots would be added, though there is no need for such an increase at present.

He said the number of devotees was steadily increasing. Around 75,000 devotees visited Sabarimala on November 23, while the expected number for November 24 was 80,000. Despite the increase in the number of pilgrims trekking up the hill, crowd pressure at Sannidhanam has remained under control due to effective coordination. The cooperation of the police, various departments and the ADM deserves special mention in this regard.

The long-standing practice of devotees tying and leaving clothes at Pampa has been significantly reduced through awareness campaigns. This is a major

achievement. A cyber forensic investigation is underway to determine whether there was any organised attempt to reduce the number of pilgrims at the beginning of the season. No evidence in this regard has been found so far.

Pilgrim Rest Centre at Appachimedu to Be Inaugurated Soon

The Travancore Devaswom Board President announced that the renovated and beautified pilgrim rest centre near the cardiac centre at Appachimedu would be inaugurated within a week. The area has been developed into an attractive spot suitable for taking photographs. Earlier, it was covered with dense vegetation and remained neglected. He also added that adequate stocks of Appam and Aravana were available.

वर्चुअल क्यू: रद्द किए गए स्लॉट 8 घंटे बाद फिर से बुकिंग के लिए उपलब्ध होंगे – देवस्वम बोर्ड अध्यक्ष

सबरीमला में वर्चुअल क्यू के तहत बुकिंग करने के बाद रद्द किए गए स्लॉट फिर से बुकिंग के लिए 8 घंटे बाद ही उपलब्ध होंगे। त्रावणकोर देवस्वम बोर्ड के अध्यक्ष के. जयकुमार ने यह जानकारी दी। यह नया बदलाव 24 नवंबर की रात से लागू होगा। उन्होंने प्रेस कॉन्फ्रेंस में बताया कि एक साथ बड़ी संख्या में स्लॉट बुक करके बाद में उन्हें रद्द करने और दूसरे लोगों के लिए उपलब्ध कराने की किसी भी सुनियोजित कोशिश को रोकने के उद्देश्य से यह बदलाव किया गया है।

मंडल-मकरविलक्कु तीर्थयात्रा का पहला सप्ताह संतोषजनक रहा है। देवस्वम बोर्ड अध्यक्ष ने कहा कि वर्चुअल क्यू या स्पॉट बुकिंग के माध्यम से ही भक्तों के आने से उचित तैयारियों के साथ भीड़ को नियंत्रित करने में अनुशासन लाया जा सका है। सभी वित्तीय लेन-देन पूरी तरह डिजिटल होने से राजस्व के नुकसान को रोकना संभव हुआ है। इसका असर कुल आय में वृद्धि के रूप में दिखाई देगा। सन्निधानम और आसपास के क्षेत्रों में स्वच्छ वातावरण भी संतोष का एक प्रमुख कारण है।

निलक्कल में वाहनों की पार्किंग की उचित व्यवस्था की गई है। यहां एक साथ 12,000 वाहनों को पार्क किया जा सकता है। तीर्थयात्रियों को अपने पार्क किए गए वाहनों तक पहुंचने में सुविधा देने के लिए निलक्कल से केएसआरटीसी की सर्कुलर बस सेवाओं की संख्या बढ़ाई जाएगी।

"अय्यप्पा के दर्शन के लिए आने वाले किसी भी भक्त को वापस नहीं भेजेंगे"

के. जयकुमार ने स्पष्ट किया कि अय्यप्पा के दर्शन के लिए आने वाले किसी भी भक्त को वापस नहीं भेजा जाएगा। केवल किसी न किसी माध्यम से बुकिंग कराकर आना होगा। स्पॉट बुकिंग की संख्या पहले ही 5,000 बढ़ाई जा चुकी है। जरूरत पड़ने पर इसमें और 5,000 की वृद्धि की जाएगी। फिलहाल इसकी आवश्यकता नहीं है।

उन्होंने कहा कि भक्तों की संख्या लगातार बढ़ रही है। 23 नवंबर को 75,000 भक्त पहुंचे थे। अनुमान है कि 24 नवंबर को 80,000 भक्त पहुंचेंगे। पहाड़ी पर चढ़ने वाले भक्तों की संख्या बढ़ने के बावजूद सन्निधानम में भीड़ का दबाव महसूस नहीं होना उचित समन्वय का

परिणाम है। इसमें पुलिस, विभिन्न विभागों और एडीएम का सहयोग विशेष रूप से उल्लेखनीय है।

पंपा में वर्षों से चली आ रही कपड़े बांधकर छोड़ने की कुप्रथा को जागरूकता अभियान के माध्यम से काफी हद तक कम करना बड़ी उपलब्धि है। सीजन की शुरुआत में तीर्थयात्रियों की संख्या को सुनियोजित तरीके से कम करने की कोई कोशिश हुई थी या नहीं, इसकी साइबर फॉरेंसिक जांच की जा रही है। अब तक इस संबंध में कोई सबूत नहीं मिला है।

अप्पाचिमेडु में तीर्थयात्री विश्राम केंद्र का उद्घाटन जल्द

त्रावणकोर देवस्वम बोर्ड अध्यक्ष ने बताया कि अप्पाचिमेडु में कार्डियक सेंटर के पास नवीनीकरण कर सुंदर रूप दिया गया तीर्थयात्री विश्राम केंद्र एक सप्ताह के भीतर खोला जाएगा। इस क्षेत्र को इतना सुंदर बनाया गया है कि यहां तस्वीरें भी खींची जा सकती हैं। पहले यह स्थान जंगल से ढका हुआ और उपेक्षित अवस्था में था। उन्होंने यह भी बताया कि अप्पम और अरवणा का पर्याप्त स्टॉक उपलब्ध है।